(സി) നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷൻവഴി ലോക ബാങ്കിന്റെയും ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഡിപ്പാർട്ട്മെന്റ് ഫോർ ഇന്റർനാഷണൽ ഡെവലപ്മെന്റ് (DFID) എന്ന ഏജൻസിയുടെയും ധനസഹായം കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിക്ക് ലഭിക്കുന്നുണ്ട്. കഴിഞ്ഞ 5 വർഷം ലഭിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	*നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷൻവഴി ലഭിച്ച തുക*	*ഡിപ്പാർട്ട്മെന്റ് ഫോർ ഇന്റർനാഷണൽ ഡെവലപ്മെന്റ് വഴി ലഭിച്ച തുക*
2000-2001	293 ലക്ഷം	382 ലക്ഷം
2001-2002	350 ലക്ഷം	400 ലക്ഷം
2002-2003	470 ലക്ഷം	367 ലക്ഷം
2003-2004	450 ലക്ഷം	400 ലക്ഷം
2004-2005	200 ലക്ഷം	551 ലക്ഷം

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഗ്രേഡ് പ്രൊമോഷൻ

54 [2416] *ശ്രീ. എ. എ. അസീസ്:*

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 കാരായിട്ടുള്ളവർക്ക് എന്നാണ് അവസാനമായി ഗ്രേഡ് പ്രൊമോഷൻ നൽകിയത്; എത്രപേർക്ക് പ്രൊമോഷൻ നൽകി;

(ബി) ഇപ്പോൾ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ആയിട്ടുള്ളവർക്ക് ഗ്രേഡ് പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ എന്നത്തേക്ക് പ്രൊമോഷൻ നൽകാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 7-4-2004-ൽ 400 പേർക്ക് പ്രൊമോഷൻ നൽകി.

(ബി) പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രൊമോഷൻ താമസിയാതെ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly